# ഉത്തരവാദിത്വപര മത്സ്യബന്ധന പെരുമാറ്റച്ചട്ടം

## എന്ത്?
## എന്തിന്?
## എങ്ങനെ ?

സി. രാമചന്ദ്രൻ
എസ്. ആഷാലത



കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം
പി.ബി. നമ്പർ : 1603, കൊച്ചി - 14.

पुस्तकालय
Library
केंद्रीय समुद्री मात्स्यिकी अनुसंधान संस्थान
Central Marine Fisheries Research Institute
कोचि - 682 018 (भारत) / Kochi - 682 018 (India)

Responsible Fisheries
Extension Series - 1

# ഉത്തരവാദിത്വപര മത്സ്യബന്ധന പെരുമാറ്റചട്ടം

# എന്ത്? എന്തിന്? എങ്ങനെ ?

സി. രാമചന്ദ്രൻ
എസ്. ആഷാലത

**കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം**
പി.ബി. നമ്പർ : 1603, കൊച്ചി - 14.

*(Malayalam)*

***Utharavadithwapara***
***Matsyabandhana Perumatta Chattom***
***Entu? Endinu? Enganae?***
**(Code of Conduct for Responsible Fisheries : What? Why? How?)**

By

**C. Ramchandran**
**S. Ashaletha**

*Published by* : **Dr. Mohan Joseph Modayil**
Director, Central Marine Fisheries Research Institute, Kochi.

*Produced by* : **Dr. C. Ramchandran**
Principal Investigator,
NATP/CGPII Research Project
(No. 20900 000 11)
"Desiging and Validation of Communication strategies for Responsible Fisheries- A Co-Learning Approach"

*Facilitation* : **Dr. R. Sathiadas**

*Associates* : **Dr. P.N. Ananth**
**Dr. V.P. Vipin Kumar**

*Cover and Illustrations* : **A.P. Sunil Kumar**

First Published 2002
Second Published 2004

© Central Marine Fisheries Research Institute (2002)

*Printed at* : **Niseema Printers & Publishers**
SRM Road, Kochi - 18.

# ഉള്ളടക്കം


പുറം

1. അവതാരിക ........ 1
2. എന്താണ് ഉത്തരവാദിത്വപര മത്സ്യബന്ധന പെരുമാറ്റച്ചട്ടം? ........ 3
3. എങ്ങനെ നടപ്പിലാക്കാം? ........ 4
4. പശ്ചാത്തലം ........ 6
5. മത്സ്യപരിപാലനം ........ 8
6. മത്സ്യനയങ്ങൾ രൂപീകരിക്കുമ്പോൾ... ........ 9
7. മത്സ്യപരിപാലനത്തിൽ നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ ........ 10
8. ധ്വജരാഷ്ട്രങ്ങൾ ........ 14
9. തുറമുഖരാഷ്ട്രങ്ങൾ ........ 15
10. മത്സ്യകൃഷിയുടെ വികസനം ........ 15
11. സമുദ്രതീരപരിപാലനത്തിൽ മത്സ്യ മേഖലയുടെ സമഗ്ര സംയോജനം ........ 17
12. മത്സ്യസംസ്ക്കരണ പ്രക്രിയകളും വാണിജ്യപരമായ ഉത്തരവാദിത്വങ്ങളും ........ 18
13. മത്സ്യഗവേഷണം ........ 19
14. മേഖല, അന്താരാഷ്ട്രതല സഹകരണം ........ 21
15. എന്താണിതിന്റെയൊക്കെ അർത്ഥം? ........ 21

# അവതാരിക

നമ്മുടെ മത്സ്യമേഖല ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ മത്സ്യ വിഭവശോഷണം പാരിസ്ഥിതിക മലിനീകരണം എന്നീ പ്രശ്നങ്ങൾ കേവലം സാമ്പത്തിക പുരോഗതിയുടെ ഉപോല്പന്നങ്ങൾ എന്ന നിലയിൽ തള്ളിക്കളയുക അസാദ്ധ്യമാണ്. മറിച്ച് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുസ്ഥിരമായ സാമ്പത്തിക ഉന്നതി, സുസ്ഥിരവും ലാഭകരവുമായ മത്സ്യപരിപാലന പരിപാടികളെ ആശ്രയിച്ചിരിക്കുന്നു. മത്സ്യബന്ധനം ഉപജീവനമാക്കിയവർ പരസ്പരം കൈമാറുന്ന അനുഭവജ്ഞാനവും, അറിവും അവർ സ്വന്തമായി ഉരുത്തുരിച്ചെടുക്കുന്ന ബദൽ പരിപാലന തന്ത്രങ്ങളുമാണ് ഈ സുസ്ഥിരതയിലേക്കുള്ള ആദ്യപടി.

സമുദ്ര മത്സ്യോല്പാദനത്തിൽ ഗണ്യമായ കുറവുണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജീവനോപാധിയായി ഈ സമ്പത്തിനെ മാത്രം നേരിട്ട് ആശ്രയിക്കുന്ന അറുപത് ലക്ഷത്തോളം വരുന്ന തീരവാസികളുടെ ജീവിത ഭദ്രത ഉറപ്പ് വരുത്തുവാനുതകുന്ന നയപരിപാടികൾ ആസൂത്രണം ചെയ്യേണ്ടത് അത്യാവശ്യമാണ്.

ലോകഭക്ഷ്യ കാർഷിക സംഘടന, അതിന്റെ അംഗരാഷ്ട്രങ്ങൾ സ്വമേധയാ നടപ്പാക്കേണ്ട ഒരു 'ഉത്തരവാദിത്വപര മത്സ്യബന്ധന പെരുമാറ്റച്ചട്ടം' പുറത്തിറക്കിയിട്ടുണ്ട്. സ്വമേധയാ നടപ്പാക്കപ്പെടേണ്ട ഒന്നാണ് എന്നതുകൊണ്ടു തന്നെ ഈ പെരുമാറ്റച്ചട്ടത്തെപ്പറ്റി വ്യാപകമായ അവബോധം ജനങ്ങൾക്കിടയിൽ വളർത്തുന്നതിനായി ഉചിതമായ ആശയ വിനിമയോപാധികൾ രൂപകല്പന ചെയ്യേണ്ടിയിരിക്കുന്നു.

ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിയാണ്, ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ ലോക ബാങ്കിന്റെ ധന സഹായത്തോടെ നടപ്പാക്കുന്ന ദേശീയ കാർഷിക സാങ്കേതികവിദ്യാ പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്വപര മത്സ്യബന്ധനം ലക്ഷ്യമാക്കിയുള്ള ആശയവിനിമയോപാധികൾ രൂപകല്പന ചെയ്യുവാനായി ഒരു ഗവേഷണ പദ്ധതി, കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിന് അനുവദിച്ചത്.

പ്രസ്തുത ഗവേഷണ പദ്ധതിയുടെ ഒരു പ്രാഥമിക ദൗത്യം എന്ന നിലയിലാണ് പദ്ധതിയുടെ പ്രധാന അന്വേഷകനും കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിലെ വിജ്ഞാന വ്യാപന വിഭാഗത്തിൽ ശാസ്ത്രജ്ഞനുമായ ഡോ. സി. രാമചന്ദ്രന്റെ നേതൃത്വത്തിലുള്ള ശാസ്ത്രജ്ഞർ പെരുമാറ്റച്ചട്ടത്തിന്റെ അന്തഃസ്സത്ത ലളിതമായി വിവരിക്കുന്ന ഈ പുസ്തകം പുറത്തിറക്കുന്നത്.

കേരളത്തിന്റെ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും 'ഉത്തരവാദിത്വപരമത്സ്യ ബന്ധനം' എന്ന ആശയത്തിലധിഷ്ഠിതമായ ഒരു മത്സ്യബന്ധനശൈലി കരുപിടിപ്പിക്കുവാൻ ഈ പുസ്തകം സഹായിക്കട്ടെ എന്ന് ആത്മാർത്ഥമായി ആശിക്കുന്നു.


പ്രൊഫ. (ഡോ.) മോഹൻ ജോസഫ് മോടയിൽ

(ഡയറക്ടർ)



## എന്താണ് ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനുള്ള പെരുമാറ്റച്ചട്ടം?

മത്സ്യ സമ്പത്തിന്റെ പരിപാലനം, ബന്ധനം, സംസ്കരണം, വിപണനം എന്നിവയുൾപ്പെടുന്ന മത്സ്യബന്ധനവും മത്സ്യകൃഷിയും ലോകമൊട്ടാകെയുള്ള നിരവധി പേർക്ക് ഭക്ഷണം, ജോലി, വരുമാനം, ഉല്ലാസവേള എന്നിവ നൽകുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. ലക്ഷക്കണക്കിനാളുകൾ ആണ് അവരുടെ ഉപജീവനത്തിനായി മത്സ്യസമ്പത്തിനെ ആശ്രയിക്കുന്നത്. ഭാവിതലമുറകൾക്ക് ഉപയുക്തമാകുന്ന തരത്തിൽ മത്സ്യം ഉണ്ടായിരിക്കണമെങ്കിൽ, മത്സ്യ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരും മത്സ്യസമ്പത്ത് സംരക്ഷിക്കുകയും പരിപാലനം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

ഈ ഒരു കാര്യം മനസ്സിൽ കണ്ടുകൊണ്ടാണ് ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ലോക ഭക്ഷ്യ കാർഷിക സംഘടന (FAO) യുടെ 170ൽപരം അംഗങ്ങൾ 1995 ൽ 'ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനായുള്ള ഒരു പെരുമാറ്റച്ചട്ടം' അംഗീകരിച്ചത്. ഈ പെരുമാറ്റച്ചട്ടം മത്സ്യബന്ധനത്തിലും, മത്സ്യകൃഷിയിലും (ഉൾനാടൻ ജലാശയങ്ങളിലോ, കടലിലോ ആയിക്കൊള്ളട്ടെ) ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും ലക്ഷ്യമാക്കിയുള്ളതുമാകുന്നു. ഈ ചട്ടം സ്വമേധയാ നടപ്പിലാക്കേണ്ട ഒന്നായതിനാൽ മീൻപിടുത്തത്തിലും, മീൻവളർത്തലിലും ഏർപ്പെട്ടിരിക്കുന്ന എല്ലാവരും ചട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളോടും തത്വങ്ങളോടും പ്രതിബദ്ധത പുലർത്തുന്നു എന്നതും അവ നടപ്പിൽ വരുത്തുവാൻ പ്രായോഗിക നടപടികൾ കൈക്കൊള്ളുന്നു എന്നതും ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്.

ഏകദേശം രണ്ടുവർഷങ്ങൾകൊണ്ടാണ് ലക്ഷ്യങ്ങൾ, കർമ്മപദ്ധതികൾ

ഇവ ഉൾക്കൊള്ളുന്ന ഈ പെരുമാറ്റച്ചട്ടം രൂപീകരിക്കപ്പെട്ടത്. FAO യിലെ അംഗരാഷ്ട്രങ്ങൾ, അന്താരാഷ്ട്ര സംഘടനകൾ, മത്സ്യ വ്യവസായ മേഖല, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ അനവധി പ്രതിനിധികൾ ഈ ചട്ടത്തെ സംബന്ധിച്ചുള്ള പരസ്പരധാരണയിലെത്തിച്ചേരുവാൻ ദീർഘനാൾ കഠിനയത്നം നടത്തുകയുണ്ടായി. അതുകൊണ്ട്, ഈ ചട്ടം മീൻപിടുത്തത്തിലും മീൻ വളർത്തലിലുമായി ബന്ധപ്പെട്ടുകിടക്കുന്ന നിരവധി പൊതുവായ പ്രശ്നങ്ങളെപ്പറ്റി ആഗോളതലത്തിൽ കൈവരിച്ച ഒരു അഭിപ്രായ സമന്വയം അഥവാ സമ്മതധാരണയെയാണ് പ്രതിനിധീകരിക്കുന്നത്.


**എങ്ങിനെ നടപ്പിലാക്കാം:** ഭരണകൂടങ്ങൾ /സർക്കാരുകളാണ്, മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന ജനങ്ങളുമായും, വ്യവസായികളുമായും സഹകരിച്ച്, ഈ ചട്ടം നടപ്പിൽ വരുത്തേണ്ടത്. ഇത്തരം പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുക എന്നതാണ് ലോകഭക്ഷ്യ കാർഷിക സംഘടനയുടെ ധർമ്മം. (ദേശീയ മത്സ്യനയങ്ങൾ നടപ്പിലാക്കുന്നതിൽ ലോക ഭക്ഷ്യ കാർഷിക സംഘടനയ്ക്ക് പങ്കില്ലാത്തതിനാൽ ഈ ചട്ടം നേരിട്ട് നടപ്പിലാക്കുവാനുള്ള ഉത്തരവാദിത്വം ലോകഭക്ഷ്യകാർഷിക സംഘടനക്ക് ഏറ്റെടുക്കുവാനാകില്ല).

**ദേശീയ മത്സ്യനയങ്ങളിലും ബന്ധപ്പെട്ട നിയമ നിർമ്മാണത്തിലും ഈ ചട്ടത്തിന്റെ തത്വങ്ങളും ലക്ഷ്യങ്ങളും ഉൾപ്പെടുത്തുക എന്നതാണ് ഈ ചട്ടം നടപ്പിൽ വരുത്തുവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം.** ഇത്തരം നയങ്ങളും നിയമങ്ങളും സ്വമേധയാ നടപ്പിലാക്കുന്നതരത്തിൽ ഒരു അനുകൂല മനോഭാവം ഉറപ്പാക്കുവാൻ സർക്കാരുകൾ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ തല്പര കക്ഷികളുമായും ആശയസംവാദം നടത്തേണ്ടതാണ്. കൂടാതെ, ഈ ചട്ടത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമായ 'നല്ല ശീലങ്ങൾ' ഉണ്ടാക്കുവാൻ മത്സ്യത്തൊഴിലാളിസമുദായങ്ങൾക്കും മത്സ്യ വ്യവസായരംഗത്ത് പ്രവർത്തിക്കുന്നവർക്കും വേണ്ട പ്രോത്സാഹനം സർക്കാരുകൾ നൽകേണ്ടതാണ്. (ഈ പെരുമാറ്റച്ചട്ടം നടപ്പിൽ വരുത്തുവാനുള്ള ഒരു പ്രധാന മാർഗ്ഗമാണ് ഇത്തരം "നല്ല നടപ്പ്" ചട്ടങ്ങൾ).

## ഈ പുസ്തകം...

ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനായുള്ള പെരുമാറ്റച്ചട്ടത്തിന്റെ ചില പ്രധാനപ്പെട്ട വശങ്ങൾ ഒട്ടും സാങ്കേതികമല്ലാത്ത ഭാഷയിൽ വിശദീകരിക്കുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. ചട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെപ്പറ്റി കൂടുതൽ അവബോധം ഉണ്ടാക്കുവാനും, മീൻ പിടുത്തത്തിലും (ചെറുകിടയെന്നോ, വൻകിടയെന്നോ ഉള്ള വ്യത്യാസമില്ലാതെ), മീൻ വളർത്തലിലും പ്രവർത്തിക്കുന്ന എല്ലാവരും ഇത് നടപ്പിൽ വരുത്തുവാനും ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ സഹായിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു. ഈ പുസ്തകം പെരുമാറ്റച്ചട്ടത്തിന് ഒരു ബദൽ അല്ല, മറിച്ച് അതെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലളിതമായി നൽകുവാനുള്ള ഒരു ശ്രമം മാത്രമാകുന്നു.

പെരുകുന്ന ബോട്ടുകൾ...! കുറയുന്ന മത്സ്യസമ്പത്ത്....!!



1950 2000

മത്സ്യബന്ധന രംഗത്തെ അശാസ്ത്രീയമായ യന്ത്രവൽക്കരണം ആഗോള മത്സ്യശോഷണത്തിന് വഴി തെളിച്ചു

## പശ്ചാത്തലം

**മത്സ്യത്തിന്റെ, സാധ്യമായതിൽ ഏറ്റവും മെച്ചപ്പെട്ട രീതിയിലുള്ള, ലഭ്യത വരും കാല തലമുറകൾക്ക് ഉറപ്പു വരുത്തുവാൻ വിവിധ രാജ്യങ്ങളും മീൻപിടുത്തത്തിലും മീൻ വളർത്തലിലും ഏർപ്പെട്ടിരിക്കുന്ന എല്ലാവരും മത്സ്യസ്രോതസ്സുകളുടെയും അവയുടെ വാസസ്ഥലങ്ങളുടെയും സംരക്ഷണത്തിനും പരിപാലനത്തിനും കൂട്ടായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ ചട്ടം ഊന്നിപ്പറയുന്നത്.** ഇന്നത്തേയും വരും കാലത്തേയും ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ തരത്തിൽ മത്സ്യം ഉണ്ടാകുന്നതിനായി മത്സ്യസമ്പത്ത് നിലനിർത്തുവാനോ പുനഃസ്ഥാപിക്കുവാനോ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരും ആത്മാർത്ഥമായി യത്നിക്കേണ്ടതാണ്. 'പരമാവധി സുസ്ഥിര ഉല്പാദനം' എന്ന പദമാണ് മേൽപ്പറഞ്ഞ തരം മത്സ്യോല്പാദനം വിവരിക്കുവാൻ സാധാരണ ഉപയോഗിക്കുന്നത്. ഇതുകൊണ്ട് അർത്ഥമാക്കുന്നത്, വിഭവ സംരക്ഷണം, ഭക്ഷ്യലഭ്യത, മത്സ്യത്തൊഴിലാളി സമുദായങ്ങളിലെ പട്ടിണി നിർമാർജ്ജനം എന്നിവ ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗം എന്ന നിലയിൽ മത്സ്യസമ്പത്തിന്റെ നീണ്ടനാളത്തെ സുസ്ഥിര ഉപയോഗം ലക്ഷ്യമിടുന്ന തരത്തിൽ ഒരു രാജ്യത്തെ മത്സ്യബന്ധന പ്രവർത്തനങ്ങളും നയങ്ങളും രൂപീകരിക്കേണ്ടതുണ്ട് എന്നാണ്. ആയതിനാൽ, വിവിധ രാഷ്ട്രങ്ങളെ അവരുടെ മീൻപിടുത്ത-മീൻവളർത്തൽ മേഖലകൾ ഈ ലക്ഷ്യം നേടുന്ന വിധത്തിൽ വികസിപ്പിക്കുവാനോ മെച്ചപ്പെടുത്തുവാനോ സഹായിക്കുക എന്നതാണ് പെരുമാറ്റച്ചട്ടത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം.

നല്ലരീതിയിലുള്ള മത്സ്യനയങ്ങൾ രൂപീകരിക്കുവാൻ ആവശ്യമായ വിധത്തിൽ ധനശേഷിയും, പരിചയസമ്പന്നതയും, കഴിവുകളും വികസ്വര രാഷ്ട്രങ്ങൾക്ക് പ്രത്യേകിച്ച് അവികസിത രാഷ്ട്രങ്ങൾക്കും, ചെറു ദ്വീപ് രാഷ്ട്രങ്ങൾക്കും ഉണ്ടാകാൻ സാദ്ധ്യതയില്ല എന്ന കാര്യം എല്ലാവർക്കും അറിവുള്ളതാണ്. ഇത്തരം രാഷ്ട്രങ്ങൾക്കു അവരുടെ മത്സ്യമേഖലയുടെ വികസനവും പരിപാലനവും സാദ്ധ്യമാക്കാൻ വേണ്ടസഹായങ്ങൾ FAO പോലുള്ള അന്താരാഷ്ട്ര സംഘടനകൾ നൽകുന്നതിനെ ഈ ചട്ടം പ്രോത്സാഹിപ്പിക്കുന്നു.


ഉത്തരവാദിത്വപര
മത്സ്യബന്ധന
പെരുമാറ്റച്ചട്ടം
ഫിഷറീസ് ഓഫീസ്
SEA FOOD
ഫിഷറീസ് സ്കൂൾ
EXPORTER

മത്സ്യമേഖല, ഉത്തരവാദിത്വപരമായി എങ്ങിനെ പരിപാലിക്കണമെന്നും മത്സ്യ ബന്ധന പ്രവർത്തനങ്ങൾ ഏതുവിധം നടത്തണമെന്നും ഈ ചട്ടം വിശദീകരിക്കുന്നു. അതിനുശേഷം മത്സ്യകൃഷിയുടെ വികസനം, കടൽത്തീരത്തിന്റെ മറ്റു വിനിയോഗങ്ങളുമായി മത്സ്യമേഖലയെ ബന്ധപ്പെടുത്തൽ, മത്സ്യ സംസ്ക്കരണ-വിപണനം എന്നിവ വിവരിച്ചിരിക്കുന്നു. മത്സ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളിലും വിവിധ രാജ്യങ്ങൾ സഹകരിച്ച് പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യം ഈ ചട്ടം ഊന്നിപ്പറയുന്നു.

മീൻ പിടുത്തക്കാരും, മത്സ്യ വ്യവസായരംഗത്ത് പ്രവർത്തിക്കുന്നവരും സർക്കാരുകളും ചട്ടം നടപ്പിലാക്കുവാനുള്ള നടപടികൾ എപ്രകാരം കൈക്കൊള്ളണം എന്നത് ചട്ടത്തിൽ വിശദമാക്കിയിട്ടില്ല. അക്കാരണത്താൽ, ചട്ടത്തിലെ വിവിധ വകുപ്പുകൾ നടപ്പിൽ വരുത്തുവാനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ FAO രൂപ കല്പന ചെയ്തുകൊണ്ടിരിക്കുകയാണ്. ചട്ടം അതുദ്ദേശിക്കുന്ന രീതിയിൽ നടപ്പിൽ വരുത്തുവാൻ വേണ്ട നടപടികൾ എടുക്കുവാനുതകുന്ന പ്രായോഗികവും സാങ്കേതികവുമായ ഉപദേശങ്ങൾ മീൻ പിടുത്തക്കാർക്കും വ്യവസായികൾക്കും മത്സ്യ പരിപാലകർക്കും നൽകുക എന്നതാണ് ഈ മാർഗ്ഗ നിർദ്ദേശങ്ങളുടെ ലക്ഷ്യം.

**മത്സ്യപരിപാലനം**

**രാഷ്ട്രങ്ങൾക്ക്, അവരവരുടെ മത്സ്യമേഖല പരിപാലിക്കുന്നതിനായി വ്യക്തവും സുസംഘടിതവുമായ മത്സ്യനയങ്ങൾ ഉണ്ടായിരിക്കണമെന്ന് ചട്ടം നിർദ്ദേശിക്കുന്നു.** ഇത്തരം നയങ്ങൾ, മത്സ്യത്തൊഴിലാളികൾ, മത്സ്യ വ്യവസായികൾ, പരിസ്ഥിതി പ്രവർത്തകർ, മറ്റ് തല്പര സംഘടനകൾ എന്നിവർ ഉൾപ്പെടെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണത്തോടെ വേണം രൂപീകരിക്കേണ്ടത്.

മത്സ്യസമ്പത്ത് വിവിധ രാഷ്ട്രങ്ങൾ പങ്കിടുന്ന സാഹചര്യത്തിൽ, അതിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും പ്രസ്തുത രാഷ്ട്രങ്ങളുടെ സഹകരണം ആവശ്യമായതിനാൽ, പുതിയ മേഖലാതല സംഘടനകൾ സ്ഥാപിക്കുവാനോ നിലവിലുള്ള സംഘടനകളെ ശക്തിപ്പെടുത്തുവാനോ ചട്ടം ആഹ്വാനം ചെയ്യുന്നു. ഈ പുസ്തകത്തിന്റെ ആദ്യ ഭാഗത്ത് പരാ

മർശിച്ച തരത്തിലുള്ള ദീർഘകാല ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഇത്തരം സഹകരണം മാത്രമാണ് പ്രായോഗികമായ സമീപനം.

അനുവർത്തിക്കേണ്ട കാര്യങ്ങളെപ്പറ്റി എല്ലാവർക്കും വ്യക്തമായ ധാരണ ഉണ്ടാക്കുന്നതിന് മത്സ്യമേഖലയുടെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ മത്സ്യ പരിപാലനത്തിന്റെയും നിയമങ്ങളുടെയും വ്യക്തമായ ഒരു ചട്ടക്കൂടിൽ പ്രവർത്തിക്കേണ്ടത് സുപ്രധാനമാണ്.

- പാരിസ്ഥിതിക ദോഷഫലങ്ങൾ പരമാവധി കുറച്ചുകൊണ്ടും മാലിന്യങ്ങൾ ലഘൂകരിച്ചുകൊണ്ടും പിടിച്ചെടുത്ത മത്സ്യത്തിന്റെ ഗുണമേന്മ സംരക്ഷിച്ചുകൊണ്ടും ആണ് മത്സ്യബന്ധനവും സംസ്ക്കരണവും നടത്തുന്നത് എന്ന് ഉറപ്പുവരുത്തിയാവണം മത്സ്യപരിപാലനം നിർവ്വഹിക്കേണ്ടത്.
- മീൻപിടുത്തക്കാർ അവരുടെ മത്സ്യബന്ധന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- നിയമലംഘനം നടത്തുന്നവരെ കണ്ടുപിടിക്കുവാനും ശിക്ഷിക്കുവാനും വേണ്ട പ്രയോഗക്ഷമമായ നിയമങ്ങളും കർമ്മപരിപാടികളും സർക്കാരുകൾക്ക് ഉണ്ടായിരിക്കണം.

നിയമലംഘനത്തിനുള്ള ശിക്ഷയായി പിഴചുമത്തലോ, ഗൗരവമേറിയ ലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കൽ പോലുമോ, ഏർപ്പെടുത്താവുന്നതാണ്.

### മത്സ്യനയങ്ങൾ രൂപീകരിക്കുമ്പോൾ...

ഈ മേഖലയിലെ താഴെപ്പറയുന്നതരത്തിലുള്ള വിവിധ പ്രശ്നങ്ങൾ കണക്കിലെടുത്ത് വേണം മത്സ്യനയങ്ങൾ രൂപീകരിക്കേണ്ടത്.

- മത്സ്യ ബന്ധനത്തിന്റെ വരവുചിലവുകൾ, പാരിസ്ഥിതികവും സാമൂഹ്യവുമായ പ്രത്യാഘാതങ്ങൾ തുടങ്ങിയവ മറ്റു കാര്യങ്ങൾക്കൊപ്പം പ്രാധാന്യം അർഹിക്കുന്നു.
- ഇത്തരം നയങ്ങൾ രൂപീകരിക്കുമ്പോൾ ലഭ്യമായതിൽ ഏറ്റവും മെച്ചമായ ശാസ്ത്രീയ അറിവുകൾ, പരമ്പരാഗത രീതികൾക്കും നാട്ടറിവുകൾക്കും അർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ട്, ഉപ


യോഗിക്കേണ്ടതാണ്.

- ആവശ്യമായ ശാസ്ത്രീയ അറിവുകളുടെ അഭാവത്തിൽ മത്സ്യ ബന്ധനത്തിന്റെ പരിധികൾ നിർണ്ണയിക്കുമ്പോൾ രാഷ്ട്രങ്ങൾ കൂടുതൽ ജാഗരൂകരാകേണ്ടതുണ്ട്.
- മത്സ്യമേഖലയിലെ വിവിധ പ്രശ്നങ്ങളെപ്പറ്റി അഭിപ്രായങ്ങളും ഭേദഗതികളും പങ്കിടുവാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ആളുകളേയും സംഘടനകളേയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.
- പ്രധാന ജീവനോപായമായി മീൻപിടുത്തത്തെ ആശ്രയിക്കുന്ന തദ്ദേശവാസികളുടെ ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്.
- ഇന്നത്തെയും വരും കാലത്തെയും മത്സ്യ സുസ്ഥിരത ഉറപ്പാക്കുവാനുള്ള നയങ്ങൾ രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും മീൻ പിടുത്തക്കാരെയും മീൻ വളർത്തലുകാരെയും പങ്കെടുക്കുവാൻ പ്രാപ്തരാക്കുന്ന തരത്തിൽ അവർക്ക് വിദ്യാഭ്യാസവും പരിശീലനവും നൽകുവാൻ രാജ്യങ്ങൾ പരിശ്രമിക്കണം.

**മത്സ്യപരിപാലനത്തിൽ നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ...**

- മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി തോട്ടവെയ്ക്കൽ, വിഷം കല







മത്സ്യകുഞ്ഞുങ്ങളെയും പൊടിമീനുകളെയും പിടിക്കുകവഴി വൻ സാമ്പത്തിക നഷ്ടവും വിഭവശോഷണവും സംഭവിക്കുന്നു

ക്കൽ തുടങ്ങിയ വിനാശകരമായ മീൻപിടുത്ത രീതികൾ ഒരു കാരണ വശാലും അനുവദിക്കരുത്.

- അനുവാദം നൽകപ്പെട്ടിട്ടുള്ള യാനങ്ങൾ മാത്രമാണ് നമ്മുടെ സമുദ്ര ത്തിൽ മീൻപിടുത്തം നടത്തുന്നത് എന്ന് നമ്മൾ ഉറപ്പുവരുത്തണം. അത്തരം മീൻപിടുത്തം ഉത്തരവാദിത്വപരമായും നമ്മുടെ രാഷ്ട്ര ത്തിന്റെ നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും അനുസൃതമായും ആകണം നടത്തപ്പെടേണ്ടത്.

- അതിരുകവിഞ്ഞ (ഭാവിയിലെ മത്സ്യലഭ്യത കുറയ്ക്കുന്ന വിധത്തിലു ള്ള) മീൻപിടുത്തം ഒഴിവാക്കണമെങ്കിൽ യാനങ്ങളുടെ മൊത്തം എണ്ണം, മത്സ്യത്തെ ഉല്പാദിപ്പിക്കാൻ പ്രകൃതിക്കുള്ള കഴിവിനെ മറികടക്കുന്ന തരത്തിലാകരുത്.

- പുതിയ ഒരു മീൻ പിടുത്ത ഉപകരണം ഉപയോഗിക്കുന്നതിനു മുൻപ് അത് പരിസ്ഥിതിയിൽ (ഉദാഹരണം: പവിഴപ്പുറ്റുകൾ) ഉണ്ടാക്കുന്ന



കടലിൽ ഉപേക്ഷിക്കപ്പെടുന്ന വലകളിൽ കുടുങ്ങി
[illegible]

ദൂഷ്യഫലങ്ങളെപ്പറ്റി മനസ്സിലാക്കിയിരിക്കണം.

- മത്സ്യബന്ധന ഉപകരണങ്ങളും മാർഗ്ഗങ്ങളും വിവേചന ശക്തിയുള്ളതും, മീനുകളുടെ പാഴാക്കൽ കുറയ്ക്കുന്ന തരത്തിലും രക്ഷപ്പെടുന്ന മീനുകളുടെ അതിജീവനം പരമാവധി കൂട്ടുന്നതരത്തിലും രൂപകല്പന ചെയ്യേണ്ടതാണ്.

- ഉപയോഗമില്ലാത്തതോ (പിടിക്കാനുദ്ദേശിക്കുന്ന പ്രത്യേക ഇനങ്ങൾ അല്ലാത്തതോ, കൂട്ടത്തിൽ പിടിക്കപ്പെടുന്നവയോ) വംശനാശ ഭീഷണി നേരിടുന്നതോ ആയ മീനുകൾ പരമാവധി കുറച്ചു മാത്രം കുടുങ്ങുന്ന വിധത്തിലുള്ള വലകൾ വേണം മത്സ്യബന്ധനത്തിന് ഉപയോഗിക്കുവാൻ.

- വിവേചന ശക്തിയില്ലാത്തതോ, വളരെ അധികം പാഴ്മീനുകളെ പിടിക്കുന്നതോ ആയ മീൻപിടുത്ത രീതികളും വലകളും ഘട്ടം ഘട്ടമായി ഒഴിവാക്കണം.

- പാഴാക്കലും മലിനീകരണവും കുറയ്ക്കുന്ന തരത്തിലുള്ള സാധനങ്ങൾ വേണം യാനങ്ങളിലെ ഉപയോഗത്തിനായി വാങ്ങേണ്ടത്.
- മാലിന്യങ്ങൾ പുറന്തള്ളുമ്പോൾ കാര്യമായ പരിസ്ഥിതി മലിനീകരണം നടക്കുന്നില്ലാ എന്ന് യാനങ്ങളുടെ ഉടമസ്ഥരും തൊഴിലാളികളും ഉറപ്പാക്കണം.
- അന്തരീക്ഷ വായുവിന്റെ പരിശുദ്ധി സംരക്ഷിക്കുന്നതിനായി അപകടകാരിയായ നിർഗമന വാതകങ്ങളുടെയും ശീതീകരണ സംവിധാനങ്ങളിൽ ഉപയോഗിക്കുന്ന ഓസോൺ-നാശം വരുത്തുന്ന പദാർത്ഥങ്ങളുടെയും അളവ് പരമാവധി കുറയ്ക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രാഷ്ട്രങ്ങൾ സ്വീകരിക്കണം. ഇത്തരം പദാർത്ഥങ്ങൾ ഘട്ടം ഘട്ടമായി നിർമാർജനം ചെയ്യണം.



[illegible]

- മത്സ്യങ്ങളുടെ പ്രധാന ആവാസ സ്ഥലങ്ങളായ ചതുപ്പു നിലങ്ങൾ, കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ, ലഗൂണുകൾ എന്നിവ നശിപ്പിക്കാതെയും മാലിന്യപ്പെടാതെയും സംരക്ഷിക്കണം.
- പ്രകൃതിക്ഷോഭങ്ങൾ മൂലം മത്സ്യസമ്പത്തിന് നാശം ഉണ്ടാകുന്ന സ്ഥലങ്ങളിൽ, ആവശ്യമെങ്കിൽ, സംരക്ഷണ പരിപാലന നടപടികൾ ഉടനടി എടുക്കുവാനുള്ള കരുതൽ സംവിധാനങ്ങൾ ഉണ്ടായിരിക്കണം.




കണ്ടൽക്കാടുകളെ നശിപ്പിക്കുന്നത് ചെമ്മീൻ, ഞണ്ട്, മത്സ്യങ്ങൾ തുടങ്ങിയവയുടെ ഉത്പാദനത്തെ സാരമായി ബാധിക്കുന്നു

### ധ്വജ രാഷ്ട്രങ്ങൾ

സ്വന്തം സമുദ്രാതിർത്തിക്ക് വെളിയിൽ മത്സ്യബന്ധനം നടത്തുന്ന രാഷ്ട്രങ്ങൾക്ക് ഈ യാനങ്ങളിൽ ഉചിതമായ സാക്ഷ്യപത്രങ്ങൾ നൽകപ്പെട്ടിട്ടുണ്ടെന്നും മീൻ പിടുത്തം അനുവദിക്കപ്പെട്ടിരിക്കുന്നു എന്നും ഉറപ്പുവരുത്തുവാൻ ഉള്ള ഉത്തരവാദിത്വം ഉണ്ട്. ഇത്തരം യാനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ വിശദമായി ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്.

ധ്വജരാഷ്ട്രങ്ങൾ (ഒരു മത്സ്യബന്ധന യാനത്തിന് പതാകകൾ നൽകുന്ന രാഷ്ട്രങ്ങൾ) തങ്ങളുടെ യാനങ്ങൾ സുരക്ഷിതമാണെന്നും ഇൻഷുറൻസ് എടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തണം. കൂടാതെ യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും ദേശീയ, അന്തർദേശീയ നിയന്ത്രണങ്ങൾക്കനുസൃതമായി 'മുദ്ര' ചെയ്യപ്പെടേണ്ടതുമാണ്. വിദേശികൾ ഉൾപ്പെടുന്ന അപകടങ്ങളെപ്പറ്റി ബന്ധപ്പെട്ട വിദേശ സർക്കാരുകളെ വിവരം അറിയിക്കേണ്ടതാണ്.

### തുറമുഖ രാഷ്ട്രങ്ങൾ

യാനങ്ങൾ ഉത്തരവാദിത്വപരമായി മത്സ്യ ബന്ധനം നടത്തുന്നു എന്നത് ഉറപ്പാക്കുവാനായി വിദേശയാനങ്ങൾ തുറമുഖത്ത് പ്രവേശിക്കുമ്പോൾ (അത്യാഹിത സന്ദർഭങ്ങളിൽ നങ്കൂരമിടുന്നതൊഴികെ) അവ പരിശോധിക്കുന്നതിനു വേണ്ട നടപടിക്രമങ്ങൾ രാഷ്ട്രങ്ങൾ കൈക്കൊള്ളേണ്ടതാണ്. തങ്ങളുടെ യാനങ്ങളുടെ മേൽ കൈയ്യേറ്റങ്ങൾ ഉണ്ടാകുമ്പോൾ അന്വേഷിക്കുവാനായി ധ്വജരാഷ്ട്രങ്ങൾ അഭ്യർത്ഥിക്കുമ്പോൾ, തുറമുഖരാഷ്ട്രങ്ങൾ, ഏതുരാജ്യത്താണോ യാനം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത് (ധ്വജ രാഷ്ട്രം) ആ രാഷ്ട്രവുമായി സഹകരിക്കേണ്ടതാണ്.

തുറമുഖങ്ങളും മീൻ കടവുകളും യാനങ്ങൾക്ക് സുരക്ഷിതമായി നങ്കൂരമിടാനുള്ള സ്ഥലങ്ങളായിരിക്കണം. യാനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ചെറുകിട വ്യാപാരികൾ, മീൻ വാങ്ങാനെത്തുന്നവർ തുടങ്ങിയവർക്കും വേണ്ട സൗകര്യങ്ങൾ ഈ സ്ഥലങ്ങളിലുണ്ടായിരിക്കണം.

### മത്സ്യക്കൃഷിയുടെ വികസനം

മനുഷ്യരുടെ ഭക്ഷ്യാവശ്യങ്ങൾക്കായി മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം മത്സ്യങ്ങളുടെ ജനിതക വൈവിദ്ധ്യം സംരക്ഷിക്കുകയും, കൃഷിക്കുപയോഗിക്കുന്ന മത്സ്യങ്ങൾ പ്രകൃത്യാ കാണപ്പെടുന്ന മത്സ്യങ്ങളുടെ മേൽ ഉണ്ടാക്കാവുന്ന ദൂഷ്യഫലങ്ങൾ പരമാവധി കുറയ്ക്കുക എന്നതും ആണ് മത്സ്യക്കൃഷി വികസനത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ.


മിക്കപ്പോഴും വെള്ളം, കരപ്രദേശം, ഉൾക്കടൽ തുടങ്ങിയ പ്രകൃതി വിഭവങ്ങൾ ഒന്നിലധികം ഉപഭോക്താക്കൾ ഉപയോഗിക്കുന്നതോ വ്യത്യസ്ത ഉപയോഗങ്ങളുടെ സാദ്ധ്യത ഉള്ളതോ ആയിരിക്കും. വിഭവങ്ങളുടെ വിവിധ

ഉപഭോക്താക്കൾ തമ്മിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങളും സംഘർഷങ്ങളും ഒഴിവാക്കുവാൻ, ഇത്തരം വിഭവങ്ങൾ ഉപയോഗിക്കപ്പെടുന്നതും പങ്കുവെയ്ക്കപ്പെടുന്നതും നീതിപൂർവ്വമായ രീതിയിലാണ് എന്ന് ഉറപ്പുവരുത്തുന്ന നയങ്ങളും പദ്ധതികളും രാഷ്ട്രങ്ങൾക്കുണ്ടായിരിക്കണം.

മത്സ്യക്കൃഷിയുടെ വികസനം, മീൻ പിടുത്തത്തിലേർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ ഭദ്രതയെയോ മത്സ്യലഭ്യതയുള്ള ഇടങ്ങളുടെ ഉല്പാദന ക്ഷമതയെയോ അവയിലേക്കുള്ള പ്രവേശനത്തേയോ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ വേണ്ട നടപടികൾ രാഷ്ട്രങ്ങൾ കൈക്കൊള്ളേണ്ടതാണ്.

- മത്സ്യക്കൃഷിയുടെ പാരിസ്ഥിതിക ഫലങ്ങൾ നിരന്തരമായി നിരീക്ഷിക്കുവാനും തിട്ടപ്പെടുത്തുവാനും വേണ്ട നടപടിക്രമങ്ങൾ ഉണ്ടാക്കപ്പെടണം.

[illegible]




[illegible]

- മീൻകൃഷിക്ക് ഉപയോഗിക്കുന്ന വിവിധതരം തീറ്റകൾ, രാസവളങ്ങൾ ഇവ നിരീക്ഷണ വിധേയമാക്കുവാൻ വേണ്ട നടപടികളും ഉണ്ടായിരിക്കണം.

- രോഗ നിവാരണത്തിനുപയോഗിക്കുന്ന മരുന്നുകളുടെയും, രാസവസ്തുക്കളുടെയും ഉപയോഗം ദോഷകരമായ പാരിസ്ഥിതിക ഫലങ്ങൾ ഉണ്ടാക്കാൻ കഴിവുള്ളതായതിനാൽ പരമാവധി കുറയ്ക്കേണ്ടതാണ്.

- മത്സ്യക്കൃഷി വഴി ഉണ്ടാക്കുന്ന ഉല്പന്നങ്ങളുടെ സുരക്ഷിതത്വവും

ഗുണമേന്മയും ഉറപ്പാക്കേണ്ടതും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണ്.

## സമുദ്രതീര പരിപാലനത്തിൽ മത്സ്യമേഖലയുടെ സമഗ്ര സംയോജനം

സമുദ്രതീര വിഭവങ്ങൾ- (ഉദാഹരണത്തിന് ജലം, കര പ്രദേശം തുടങ്ങിയവ) ഏതു വിധമാണ് ഉപയോഗിക്കേണ്ടത് എന്ന് തീരുമാനിക്കുമ്പോൾ, ആ പ്രദേശത്ത് താമസിക്കുന്നവരേയും (മീൻ പിടുത്തക്കാർ ഉൾപ്പെടെ) അവരുടെ ജീവിതമാർഗ്ഗങ്ങളെയും കണക്കിലെടുക്കുകയും അവരുടെ അഭിപ്രായങ്ങൾ പരിഗണിക്കേണ്ടതുമാണ്.

വിഭിന്നമായ ആവശ്യങ്ങൾക്കായി സമുദ്രതീരം ഉപയോഗിക്കപ്പെടുന്നിടങ്ങളിൽ, മീൻപിടുത്തക്കാരുടെയും മറ്റുള്ളവരുടെയും ഇടയിൽ ഉണ്ടായേക്കാ



വുന്ന തർക്കങ്ങളും സംഘർഷങ്ങളും ഒഴിവാക്കാനും നീതിപൂർവ്വം പരിഹരിക്കാനും വേണ്ട നടപടിക്രമങ്ങൾ ഉണ്ടായിരിക്കണം. കൂടാതെ, സമുദ്രതീരം പങ്കിടുന്ന അയൽരാജ്യങ്ങൾ സമുദ്രവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുവാനായി സഹകരിക്കേണ്ടതുമാണ്.

മത്സ്യക്കൃഷി, രാജ്യാതിർത്തികൾ പങ്കുവെയ്ക്കപ്പെടുന്ന സ്ഥലങ്ങളിൽ നടത്തപ്പെടുമ്പോൾ, കൃഷിക്കായി നാടൻ അല്ലാത്ത മത്സ്യ ഇനങ്ങൾ ഇറക്കുന്നതിനു മുൻപ് ഈ രാജ്യങ്ങൾ പരസ്പരം ആശയവിനിമയം നടത്തേണ്ടതാണ്. പുതിയ മത്സ്യഇനങ്ങൾവഴി വരാവുന്ന രോഗങ്ങളുടെ സാദ്ധ്യത കുറയ്ക്കുന്നതിനായി, ജല സസ്യങ്ങളോ ജന്തുക്കളോ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുമ്പോൾ രാജ്യങ്ങൾ പരസ്പരം അംഗീകരിച്ച നടപടിക്രമങ്ങളും പെരുമാറ്റച്ചട്ടങ്ങളും കർശനമായി പാലിക്കേണ്ടതുണ്ട്.

മത്സ്യക്കൃഷിക്കായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ നാശോന്മുഖജനുസ്സുകളുടെ (വംശനാശം തടയാനുള്ള നടപടികൾ വേണ്ടസമയത്ത് എടുത്തില്ലാ എങ്കിൽ എന്നെന്നേയ്ക്കുമായി ഇല്ലാതാകാൻ സാദ്ധ്യതയുള്ള മത്സ്യഇനങ്ങൾ) പുനഃസ്ഥാപനത്തിനും കുഞ്ഞുങ്ങളുടെ ഉല്പാദനത്തിനും വേണ്ട സാങ്കേതിക മാർഗ്ഗങ്ങൾ അതാത് രാജ്യങ്ങളും മത്സ്യക്കൃഷി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരും വികസിപ്പിക്കേണ്ടതാണ്.

## മത്സ്യ സംസ്ക്കരണ പ്രക്രിയകളും വാണിജ്യപരമായ ഉത്തരവാദിത്വങ്ങളും

മത്സ്യത്തിന്റെ ഉപഭോഗം ജനങ്ങൾക്കിടയിൽ പ്രോത്സാഹിപ്പിക്കുവാനും, മത്സ്യ-മത്സ്യോല്പന്നങ്ങളുടെ ഗുണമേന്മയും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാനും രാഷ്ട്രങ്ങൾ ശ്രമിക്കണം. ഉപഭോക്താവിന്റെ ആരോഗ്യം സംരക്ഷിക്കുവാനും വാണിജ്യപരമായ 'തിരിമറികൾ' (ഉദാഹരണത്തിന് വില്പനക്കുവെച്ചിരിക്കുന്ന മത്സ്യങ്ങളെ പറ്റി തെറ്റായ വിവരങ്ങൾ നൽകൽ) ഒഴിവാക്കുവാനും വേണ്ടി, നിരീക്ഷണ വിധേയമാക്കാവുന്നതും സർക്കാരിന് നിയമപരമായ നടപടികൾക്ക് വിധേയമാക്കാൻ സാധിക്കുന്നതുമായ ഗുണമേന്മാ മാനദണ്ഡങ്ങൾ ഉണ്ടാക്കേണ്ടതാണ്. കൂടാതെ പൊതുവായ ശുചിത്വനടപടികളും സാക്ഷ്യപത്രം നൽകുന്നതിനുള്ള പദ്ധ


തികളും ആവിഷ്ക്കരിക്കുവാനും രാഷ്ട്രങ്ങൾ സഹകരിക്കേണ്ടതുണ്ട്.

- മത്സ്യത്തിന്റെ സംസ്ക്കരണം, ചരക്ക് ഗതാഗതം, ശേഖരണം ഇവയ്ക്കുള്ള രീതികളും മാർഗ്ഗങ്ങളും പാരിസ്ഥിതികമായ ദോഷഫലങ്ങൾ ഉണ്ടാക്കാത്തവയായിരിക്കണം.
- മത്സ്യം പിടിച്ചെടുത്തതിനുശേഷമുള്ള പാഴാക്കലും മറ്റ് നഷ്ടങ്ങളും പരമാവധി കുറയ്ക്കുകയും, പിടിക്കുവാൻ ഉദ്ദേശിക്കുന്ന മത്സ്യഇനങ്ങൾക്കൊപ്പം പിടിക്കപ്പെടുന്ന (മിക്കപ്പോഴും മീൻപിടുത്തക്കാരന് ശരിക്കും ആവശ്യമില്ലാത്ത) മത്സ്യങ്ങളെ പാഴാക്കാതെ ഏതുവിധേനെയും പരമാവധി ഉപയോഗിക്കുകയും വേണം.
- മത്സ്യ സംസ്ക്കരണത്തിനു വേണ്ട വെള്ളം, ഇന്ധനം, പ്രത്യേകിച്ച് വിറക് ഇവ പാഴാക്കാതെ ശ്രദ്ധാപൂർവ്വം ഉപയോഗിക്കണം. സാധ്യമാകുന്നിടത്തൊക്കെ മൂല്യ വർദ്ധിത / സംസ്ക്കൃത ഉല്പന്നങ്ങളുടെ ഉല്പാദനം, അവ കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനാൽ തന്നെ, പ്രോത്സാഹിപ്പിക്കണം.

മത്സ്യ-മത്സ്യോല്പന്നങ്ങളെ സംബന്ധിച്ച 'വാണിജ്യ നിയമങ്ങൾ' ലളിതവും, വ്യക്തവും, അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതവും ആയിരിക്കണം. രാജ്യങ്ങൾ തങ്ങളുടെ വാണിജ്യനിയമങ്ങളും നിയന്ത്രണങ്ങളും കാലാകാലം രൂപീകരിക്കുമ്പോഴോ, പുനരവലോകനം ചെയ്യുമ്പോഴോ മീൻപിടുത്തക്കാർ, പാരിസ്ഥിതിക സംഘടനകൾ, ഉപഭോക്തൃ സംഘങ്ങൾ എന്നിവരുമായി ചർച്ചകൾ നടത്തേണ്ടതാണ്. ഒരു രാഷ്ട്രത്തിന്റെ നിയമങ്ങളും നിയന്ത്രണങ്ങളും വിപുലീകരിക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്ത് കഴിഞ്ഞാൽ പ്രസ്തുത വിവരങ്ങൾ ഇറക്കുമതി-കയറ്റുമതി നടപടികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ മറ്റ് രാജ്യങ്ങളെ അറിയിക്കുകയും വേണം.

**മത്സ്യഗവേഷണം**

ഉത്തരവാദിത്വപര മത്സ്യബന്ധന നയങ്ങൾക്ക് ശക്തമായ ഒരു ശാസ്ത്രീയ അടിത്തറ വേണമെന്ന കാര്യം രാഷ്ട്രങ്ങൾ അംഗീകരിക്കേണ്ടതുണ്ട്. അതുകൊണ്ട്, രാഷ്ട്രങ്ങൾ ഗവേഷണ സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെറുപ്പക്കാരായ സാങ്കേതിക വിദഗ്ധരുടെ പരിശീലനത്തെ പ്രോത്സാഹിപ്പിക്കു



[illegible] ഗവേഷണപദ്ധതികൾ അനിവാര്യമാകുന്നു

കയും വേണം. അന്താരാഷ്ട്ര സാങ്കേതിക സംഘടനകൾ രാഷ്ട്രങ്ങളുടെ പ്രത്യേകിച്ചും അവികസിത രാഷ്ട്രങ്ങളുടെയും ചെറുദ്വീപു രാഷ്ട്രങ്ങളുടെയും ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതും അവരുടെ ഗവേഷണ ശ്രമങ്ങളിൽ സഹായിക്കേണ്ടതുമാണ്.

ഗവേഷണങ്ങൾ നടത്തുന്നതിനായി മത്സ്യങ്ങളുടെയും അവയുടെ വാസസ്ഥലങ്ങളുടെയും അവസ്ഥകൾ നിരന്തരം നിരീക്ഷിക്കുകയും ഉണ്ടാകുന്ന മാറ്റങ്ങൾ പഠിക്കുകയും വേണം. മുഖ്യമായും പിടിക്കപ്പെടുന്ന വിവിധ ഇനം മത്സ്യങ്ങളുടെ സഞ്ചയങ്ങളിലും, ആവാസ വ്യവസ്ഥയിൽ പൊതുവെയും, വിവിധ മീൻ പിടുത്ത ഉപകരണങ്ങൾ ഉളവാക്കുന്ന പ്രത്യാഘാതങ്ങളെപ്പറ്റി പഠിച്ച് വിവരങ്ങൾ ശേഖരിക്കണം. മത്സ്യബന്ധനത്തിനായി പുതിയ ഉപകരണങ്ങളോ, രീതികളോ ഉപയോഗിക്കുവാൻ ഒരു രാഷ്ട്രം ആലോചിക്കുന്ന അവസരങ്ങളിൽ ഇത്തരം ഗവേഷണങ്ങൾക്ക് പ്രത്യേക പ്രാധാന്യം ഉണ്ട്.

അന്താരാഷ്ട്രതലത്തിലുള്ള ഗവേഷണ ശ്രമങ്ങളിൽ എല്ലാ രാഷ്ട്രങ്ങളും സഹകരിക്കേണ്ടത് ആവശ്യമാണ്. മറ്റൊരു രാജ്യത്തിന്റെ സമുദ്രാതിർത്തി

യിൽ ഗവേഷണം നടത്തേണ്ടിവരുമ്പോൾ, ആ രാജ്യം നടപ്പിലാക്കിയിട്ടുള്ള നിയന്ത്രണങ്ങൾ പാലിക്കുവാൻ ഗവേഷകർ ബാദ്ധ്യസ്ഥരാണ്. ഗവേഷണ ഫലമായുണ്ടാകുന്ന ശാസ്ത്രീയ വിവരങ്ങൾ മേഖലയിലെ മറ്റ് ഗവേഷണ/വികസന സ്ഥാപനങ്ങൾക്കും താൽപ്പര്യമുള്ള മറ്റ് രാഷ്ട്രങ്ങൾക്കും എത്രയും വേഗം കൈമാറേണ്ടത് ആവശ്യമാണ്.


**മേഖലാതലത്തിലും അന്താരാഷ്ട്രതലത്തിലും ഉള്ള സഹകരണം**

മത്സ്യമേഖലയെ സംബന്ധിച്ച പല കാര്യങ്ങളിലും വിവിധരാജ്യങ്ങൾക്കും മേഖലാതല സംഘടനകൾക്കും സഹകരിക്കേണ്ടിവരുമെന്നത് വ്യക്തമായ സംഗതി ആണ്. ഒരു രാഷ്ട്രം നടപ്പിലാക്കുന്ന പരിപാലന നടപടികൾക്ക് സദൃശമായ നടപടികൾ, പ്രത്യേകിച്ച് ഒരേ മത്സ്യ സഞ്ചയങ്ങളിൽ മീൻപിടുത്തം നടത്തുമ്പോൾ, മറ്റ് രാഷ്ട്രങ്ങളും കൈക്കൊള്ളേണ്ടത് ആവശ്യമാണ്. കൂടാതെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത കുറയ്ക്കുന്നതിനും മേഖലാതല സംഘടനകൾ വഴി രാഷ്ട്രങ്ങൾ തമ്മിലുള്ള സഹകരണം പ്രയോജനപ്പെടും. പക്ഷേ തർക്കങ്ങൾ ഒരിക്കൽ ഉണ്ടായിക്കഴിഞ്ഞാൽ എത്രയും വേഗം അവ സമാധാനപരമായി പരിഹരിക്കുവാൻ എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്.

വിഭവ സംരക്ഷണം, പരിപാലനം, ഗവേഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വരുന്ന ചിലവ് അംഗങ്ങളിൽ നിന്നും ഈടാക്കാൻ മേഖലാതല സംഘടനകൾ ലക്ഷ്യമിടണം. കൂടാതെ ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങളിൽ മീൻപിടുത്തക്കാരുടെ പ്രാദേശിക സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിക്കുകയും വേണം.


**എന്താണിതിന്റെയൊക്കെ അർത്ഥം ?**

രാഷ്ട്രങ്ങൾ മത്സ്യബന്ധനത്തെ സംബന്ധിച്ച വ്യക്തവും, അർത്ഥപൂർണ്ണവുമായ നയങ്ങൾ രൂപീകരിച്ച് നടപ്പാക്കുകയും ഉത്തരവാദിത്വപരമായ മത്സ്യബന്ധനവും ഉപയോഗരീതികളും അനുവർത്തിക്കുകയും ചെയ്താൽ, പുനഃസൃഷ്ടി സാധ്യമായ ഒരു പ്രകൃതി വിഭവം എന്ന നിലയിൽ എത്ര വർഷത്തേക്കു വേണമെങ്കിലും മത്സ്യം സുലഭമായി പിടിക്കാം. അതുപോലെ തന്നെ, മത്സ്യകൃഷിയിൽ, അത് കൃഷിക്കാർക്കും രാജ്യത്തിനും ഗണ്യമായ സാമൂഹ്യ - സാമ്പത്തിക നേട്ടങ്ങൾ നൽകുന്ന ഒന്നായതിനാൽ,





പരിസ്ഥിതിക്ക് ദോഷഫലങ്ങൾ ഉണ്ടാക്കാത്ത കൃഷിരീതികൾക്ക് പ്രോത്സാഹനം നൽകണം.

മീൻപിടുത്തത്തിലും മീൻ വളർത്തലിലും ഏർപ്പെട്ടിരിക്കുന്ന എല്ലാവരും ഉത്തരവാദിത്വപരമായ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റച്ചട്ടം അനുസരിക്കുകയാണെങ്കിൽ, ഇന്നത്തെയും വരുംകാലത്തെയും തലമുറകളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ മത്സ്യ-മത്സ്യോല്പന്നങ്ങൾ ലഭ്യമാക്കാൻ കഴിയും. യഥാർത്ഥത്തിൽ, അശ്രദ്ധവും അതിരുകവിഞ്ഞതുമായ ഇന്നത്തെ ഉപയോഗംകൊണ്ട് ഭാവിതലമുറയ്ക്ക് മത്സ്യ ദൗർലഭ്യം വരാതെ നോക്കുവാനുള്ള ഒരു ധാർമ്മികമായ ചുമതല നമുക്കുണ്ട്.




സമഗ്രവും ബൃഹത്തുമായ മത്സ്യനയങ്ങൾ നടപ്പിൽ വരുത്തിക്കൊണ്ട് കൂടുതൽ ആരോഗ്യകരവും സമൃദ്ധവും ആയ ഒരു മത്സ്യമേഖല സൃഷ്ടിക്കു

വാൻ എല്ലാ രാഷ്ട്രങ്ങളോടും പൗരൻമാരോടും ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനുള്ള പെരുമാറ്റച്ചട്ടം ആഹ്വാനം ചെയ്യുന്നു.



മത്സ്യബന്ധനത്തിനുള്ള അവകാശം മാത്രമല്ല മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനുള്ള ചുമതലയും നമ്മുടെ കൈകളിലാണ്

ഇത്തരം ഉത്തരവാദിത്വപരമായ പെരുമാറ്റം, മത്സ്യസമ്പത്തിന്റെ വർദ്ധനവ്, വർദ്ധിച്ച ഭക്ഷ്യഭദ്രത, സുസ്ഥിര വരുമാനത്തിനുള്ള അവസരങ്ങൾ തുടങ്ങിയ സത്ഫലങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ സമാഗതമാക്കും.

എല്ലാ ലോകരാഷ്ട്രങ്ങളും ഉത്തരവാദിത്വപരമായ മത്സ്യബന്ധനരീതികൾ കൈക്കൊള്ളുന്നതിനായി യോജിച്ച് പരിശ്രമിച്ചാൽ മത്സ്യത്തിന്റെ സുലഭ്യത വരാനിരിക്കുന്ന അനേകം തലമുറകൾക്ക് ഉറപ്പാക്കാൻ സാധിക്കും.

ഈ പുസ്തകം നിങ്ങൾക്ക് ഉപകാരപ്രദമായെന്നും, ആഗോള മത്സ്യബന്ധനത്തിന്റെയും മത്സ്യക്കൃഷിയുടെയും വികസനവും പരിപാലനവും ഉത്തരവാദിത്വപരമായ രീതിയിലാണെന്നുറപ്പാക്കാൻ നിങ്ങൾ പ്രയത്നിക്കുമെന്നും പ്രത്യാശിക്കുന്നു.

പെരുമാറ്റ ചട്ടത്തിന്റെ മലയാളത്തിലുള്ള പൂർണ്ണരൂപം കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി പുറത്തിറക്കിയിട്ടുണ്ട്. ആവശ്യമുള്ളവർ കേന്ദ്രവുമായി ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു.

*വിലാസം:*

ഡയറക്ടർ,

**കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം**

പി.ബി. നമ്പർ : 1603, കൊച്ചി - 14.



Responsible Fisheries

Extension Series - 1

NATP/CGPII Research Project

(No. 20900 000 11)

"Desiging and Validation of Communication strategies Responsible Fisheries- A Co-Learning Approach"

CMFRI
C04150